# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5760**

**25-05-2017 ൽ മറുപടിക്ക്**

**താമരക്കുളം - വേട്ടമുക്ക് റോഡ് പ്രവൃത്തി**

| ചോദ്യം<br>ശ്രീ. ആർ. രാജേഷ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച താമരക്കുളം - വേട്ടമുക്ക് റോഡിന് കിഫ്ബിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 136 ൽ പ്രഖ്യാപിച്ച വേട്ടമുക്ക് - തേവലക്കര – മൈനാഗപ്പള്ളി - ശാസ്താംകോട്ട – മാനാമ്പള്ളി - കാഞ്ഞിരത്തുംമൂട് - താമരക്കുളം റോഡിന്റെ നവീകരണവുമായി ബന്ധപ്പെട്ട പദ്ധതി 01.03.2017 നാണ് കിഫ്ബി വെബ് സൈറ്റു വഴി ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നത്. ടി പദ്ധതിയുടെ റിപ്പോർട്ട് വിശദമായ പരിശോധനയ്ക്കു ശേഷം 23.03.2017 ലെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ 28 ാമത് ജനറൽ ബോഡി യോഗത്തിൽ പരിഗണിക്കുകയും ന്യൂനതകൾ കണ്ടെത്തിയതിനെ തുടർന്ന് നിബന്ധനകൾക്കു വിധേയമായി അംഗീകാരം നൽകുകയും ചെയ്തിരുന്നു. റിപ്പോർട്ടിലെ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്കും പദ്ധതി നടപ്പിലാക്കുന്ന എസ്.പി.വി ആയ കേരള റോഡ് ഫണ്ട് ബോർഡിനും നൽകിയിരുന്നു. ടി നിർദ്ദേശങ്ങൾക്കുള്ള മറുപടി 12.05.2017 ന് കിഫ്ബിയിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്. |
| (ബി) പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയെന്നു വ്യക്തമാക്കുമോ; എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ; | "137 Roads" എന്ന മുഖ്യ പദ്ധതിയ്ക്കു കീഴിൽ വരുന്ന പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 64 കോടി രൂപയാണ്. ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതി അടങ്കൽ 50 കോടി |

| | |
|---|---|
| | രൂപയായിരുന്നെങ്കിലും പി.ഡബ്ലിയു.ഡി സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് 103.89 കോടി രൂപയുടെ അടങ്കൽ തുകയാണ് സൂചിപ്പിച്ചത്. ഈ റിപ്പോർട്ട് പഠിച്ച് ആവശ്യമായ ഭേദഗതികൾ കിഫ്ബി നിർദ്ദേശിച്ച പ്രകാരം ടി വകുപ്പ് അടങ്കൽ തുക 64.48 കോടി രൂപയായി പരിമിതപ്പെടുത്തുകയായിരുന്നു. എസ്റ്റിമേറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) പ്രസ്തുത റോഡ് ബഡ്ജറ്റിൽ പ്രഖ്യാപിച്ച അതേ നിലയിൽ താമരക്കുളം മുതൽ വേട്ടമുക്ക് വരെ കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കുമോ; ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ടി പദ്ധതിയുടെ റിപ്പോർട്ട് പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകളും സാങ്കേതിക വിവരങ്ങളുടെ അഭാവവും പരിഹരിക്കാൻ ശ്രമിച്ചുകൊണ്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള മറുപടികൾ പരിശോധിച്ചു വരുകയാണ്. ഇവ തൃപ്തികരവും പരിഗണനായോഗ്യവും ആകുന്ന മുറയ്ക്ക് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന് അനുസൃതമായി താമരക്കുളം മുതൽ വേട്ടമുക്ക് വരെയുള്ള റോഡ് നവീകരണ പദ്ധതി നിർവ്വഹണത്തിനായി പദ്ധതി നിർദ്ദേശം കിഫ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതും അംഗീകാരം ലഭിക്കുന്ന പക്ഷം പ്രസ്തുത പദ്ധതിക്കായി കിഫ്ബി ധനസഹായം നൽകുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**

PRICE

EST NO:2016/6554

# KIIFB Projects - Developments to Vettamukku - Thevalakkara - Mynagappally - Sasthamcotta - Manappally - Kanjirathummoodu - Thamarakulam Road.

General Abstract

Dsor year: **2016**,Cost Index Applied for this estimate is **51.96%**)

| Sl No | Heading Description | Amount |
|---|---|---|
| 1 | APPENDIX-A SITE CLEARANCE | 232468.47 |
| 2 | APPENDIX-B CONSTRUCTION OF CROSS DRAINAGE SYSTEMS | 4925779.80 |
| 3 | APPENDIX-C CONSTRUCTION OF STORM WATER DRAINAGE SYSTEMS | 32479241.36 |
| 4 | APPENDIX-D CONSTRUCTION OF EARTH RETAINING STRUCTURES | 14190796.47 |
| 5 | APPENDIX-E CONSTRUCTION OF ROADWAY PAVEMENTS | 457535086.82 |
| 6 | APPENDIX-F CONSTRUCTION OF SHOULDERS, FOOT PATHS, BUS BAYS, MEDIANS | 88272792.10 |
| 7 | APPENDIX-G TRAFFIC SAFETY WORKS AND OTHER APPURTENANCES | 21624008.39 |
| 8 | APPENDIX-H QUALITY ANALYSIS & QUALITY CONTROL - 1% Of Estimate Amount | 4753211.00 |
| 9 | APPENDIX-I MAINTENANCE CONTRACT AMOUNT FOR 4 YEARS - 3.0% Of Total Estimate Amount | 14722359.00 |
| 10 | APPENDIX-J SHIFTING UTILITIES & SERVICES | 6000000.00 |
| | Lumpsum for round off | **64257.00** |
| | | **TOTAL Rs 644800000.00** |
| | | **Rounded Total Rs 64,48,00,000** |
| | | Rupees Sixty Four Crore Forty Eight Lakh Only |

(Cost Index Applied for this estimate is 51.96%)

SHEARLY S
ASSISTANT EXECUTIVE ENGINEER
PWD, ROADS SUB- DIVISION
KARUNAGAPPALLY- 690 518

CHIEF ENGINEER
P W D ROADS & BRIDGES
THIRUVANANTHAPURAM-33

printed on 16-05-2017 11:21:30